"ഭരണഭാഷ– മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് – പഞ്ചായത്ത് ജീവനക്കാര്യം – പഞ്ചായത്ത് വകുപ്പിൽ സെക്രട്ടറിയായിരിക്കെ സേവനത്തിൽ നിന്നും വിരമിച്ച ശ്രീ. കെ.എസ്. സലിമിന് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിൽ വീഴ്ച വരുത്തിയ ജീവനക്കാരിൽ നിന്നും തുക ഈടാക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് നൽകിയ നിർദ്ദേശം പിൻവലിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

**സ.ഉ.(സാധാ) നം.2821/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 10/12/2019

---

പരാമർശം:- 1 റ്റി.എ. നം.6784/2012 ഹർജിയിന്മേൽ 08.12.2015-ൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച വിധിന്യായം.

2 സ.ഉ.(സാധാ) നം.1948/2016/തസ്വഭവ തീയതി 18.06.2018

3 പഞ്ചായത്ത് ഡയറക്ടറുടെ 04.10.2018-ലെ ഇ1-37800/2015 നമ്പർ കത്ത്

<u>ഉത്തരവ്</u>

പഞ്ചായത്ത് വകുപ്പിൽ സെക്രട്ടറിയായിരിക്കെ 31.10.1997-ൽ സേവനത്തിൽ നിന്നും വിരമിച്ച ശ്രീ. കെ.എസ്. സലിമിന് പെൻഷൻ ആനുകൂല്യങ്ങൾ താമസിച്ചതിനാൽ ആയതിനുള്ള പിഴപ്പലിശ 9% നിരക്കിൽ 12.01.2000 മുതൽ 31.12.2007 വരെ 2,32,769/- രൂപ നൽകുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുക അനുവദിച്ചും ടി തുക നൽകുവാൻ വീഴ്ച വരുത്തിയ ജീവനക്കാരിൽ നിന്നും മൂന്ന് ഗഡുക്കളായി തുക ഈടാക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയും പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. എന്നാൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 08.12.2015-ലെ വിധിന്യായത്തിൽ ടി കേസിലെ രണ്ടാം എതിർകക്ഷിയായ പഞ്ചായത്ത് ഡയറക്ടറുടെ ഭാഗത്ത് കാലതാമസം വന്നതായി പരാമർശിച്ച് കാണുന്നില്ലെന്നും ആയതിനാൽ ടി പലിശ തുക, പഞ്ചായത്ത് വകുപ്പിലെ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി എടുക്കാൻ കഴിയുന്നില്ലെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്തതിൽ കാലതാമസം വന്നത് ഭരണപരമായ കാരണങ്ങളാലാണെന്ന് ബഹു. ട്രിബ്യൂണലിന്റെ ഉത്തരവിലും, സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും കണ്ടെത്തിയിട്ടുള്ള

സാഹചര്യത്തിൽ പരാമർശം (2) ഉത്തരവ് പ്രകാരം ശ്രീ. കെ.എസ്. സലിമിന് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിൽ വീഴ്ച വരുത്തിയ ജീവനക്കാരിൽ നിന്നും മൂന്ന് ഗഡുക്കളായി തുക ഈടാക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് നൽകിയ നിർദ്ദേശം പിൻവലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യൂ**
**അഡീഷണല് സെക്രട്ടറി**

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
3. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
4. ഡയറക്ടർ, ഐകെഎം, തിരുവനന്തപുരം
5. നിയമ (ഉപദേശ ഡി) വകുപ്പ് (യു.ഒ. റിമാർക്സ് നം.2612/ഉപദേശം ഡി3/2019/നിയമം തീയതി 01.03.2019 പ്രകാരം)
6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി1/151/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ